


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP · DEVALOKAM · KOTTAYAM 686038 KERALA · PHONE : 8234

വാല്യം 6 | 1989 ഏപ്രിൽ 7 | ലക്കം 11


# പാമ്പാടി തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാൾ ഏപ്രിൽ 4, 5 തീയതികളിൽ

സ്റ്റാഫ് എഡിറ്റർ

പാമ്പാടി: കാലംചെയ്ത കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 24-ാം ശ്രാദ്ധപ്പെരുന്നാൾ ഏപ്രിൽ 4, 5 തീയതികളിൽ അദ്ദേഹം കബറടങ്ങിയിരിക്കുന്ന പാമ്പാടി ദയറാ ചാപ്പലിൽ ആചരിക്കുന്നു.

വിവിധ സ്ഥലങ്ങളിൽനിന്നെത്തുന്ന തീർത്ഥാടകർ പാമ്പാടി കത്തീഡ്രൽ പള്ളിയിലെത്തി നാലാം തീയതി വൈകിട്ട് 5 മണിക്ക് റാസയായി പൊത്തൻപുറം ദയറാ ചാപ്പലിലെത്തി സന്ധ്യാനമസ്കാരത്തിൽ പങ്കെടുക്കും. തുടർന്നു നടക്കുന്ന കൺവൻഷനിൽ മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ പ്രസംഗിക്കും.

5-ാം തീയതി രാവിലെ പരിശുദ്ധ ബാവാ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ശ്രേഷ്ഠനിയുക്ത കാതോലിക്കാ, മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ, പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പാ എന്നിവർ വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കും. തുടർന്ന് പ്രദക്ഷിണവും നേർച്ചവിളമ്പും ആശിർവാദവും നടക്കും.

ഇതു സംബന്ധിച്ച് ചേർന്ന ആലോചനായോഗത്തിൽ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു.



പരിശുദ്ധനായ പാമ്പാടി തിരുമേനി

ദയറാ ചാപ്പൽ പുനർനിർമ്മാണഫണ്ടിലേക്ക് സമുദായ ട്രസ്റ്റി പി. സി. എബ്രഹാം 10,000 രൂപാ സംഭാവന ചെയ്തു.

പെരുന്നാൾ കമ്മറ്റി കൺവീനറായി ഫാ. E. K. ജോർജും, ജോയിന്റ് കൺവീനറന്മാരായി സാബു വടകരയും, ഐസക് പി. എബ്രഹാമും നിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ദയറാ മാനേജർ P.C. യോഹന്നാൻ റമ്പാൻ അറിയിച്ചു.

## അനുഗ്രഹീതമായ കണ്ണുനീർ

നമ്മുടെ സഭയിൽ പരുമലതിരുമേനി, പാമ്പാടി തിരുമേനി തുടങ്ങിയവരും നമുക്കു പലർക്കും അജ്ഞാതരും സാധാരണ കുടുംബജീവിതം നയിച്ചിരുന്നവരുമായ പല വ്യക്തികളും കണ്ണുനീരിന്റെ ആത്മീയസാധ്യതകളെ സാക്ഷാത്കരിച്ചവരായി നമുക്കു സാക്ഷ്യം നൽകുന്നു. ഇതു് അവർക്കു കിട്ടിയതു് പൗരസ്ത്യ സഭയുടെ ആത്മീയപാരമ്പര്യത്തിൽ നിന്നാണ്.

റവ. ഡോ. കെ. എം. ജോർജ്



മലങ്കരയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസുകൊണ്ട്

# പാമ്പാടി തിരുമേനി: അനശ്വരമായ ആത്മീയ ചൈതന്യം

## ഗീവർഗീസ് മാർ ഈവാനിയോസ്

ആദരണീയരായ വ്യക്തികൾ എക്കാലവും ആദരിക്കപ്പെടും. അവരുടെ ജീവിതകാലത്തെ സൗരഭ്യം മരണാനന്തരവും പിൻതലമുറകളുടെ അനുസ്മരണകളിൽ സുഗന്ധം പരത്തും. അങ്ങനെ അവർ മരണത്തെ കീഴ്പ്പെടുത്തി, ജീവിതത്തിന്റെ അർത്ഥം സമൂഹത്തിന് കാഴ്ചവെയ്ക്കുന്ന നിതാന്തജീവികളായി രൂപം പ്രാപിക്കും. പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ ചെറിയ ചിന്ത കാലംചെയ്ത പാമ്പാടി തിരുമേനിയെപ്പറ്റി ഓർക്കുമ്പോൾ എത്രമാത്രം അന്വർത്ഥമാണെന്ന് തോന്നി പോകുന്നു.

വട്ടശ്ശേരിൽ തിരുമേനിയും, തുടർന്നു വലിയ ബാവായും സഭ മുഴുവൻ നിറഞ്ഞുനിന്ന് ക്ലേശപൂർണ്ണമായ ഒരു കാലഘട്ടത്തിൽ ധിഷണാവൈഭവത്തോടും, ആജ്ഞാശക്തിയോടും സഭയ്ക്കു് നേതൃത്വം നല്കിവന്ന സന്ദർഭങ്ങളിൽ അവരുടെ പ്രവർത്തനങ്ങൾക്ക് വീര്യം പകർന്ന ആത്മീയ ശക്തി പാമ്പാടി തിരുമേനിയുടെ ക[illegible]നീരൊഴുക്കിയുള്ള പ്രാർത്ഥനയായിരുന്നു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ പാമ്പാടിയിലെ പൊത്തൻപുറം ദയറായിൽ ശാന്തമായിരുന്ന് പ്രാർത്ഥനയിലൂടെ സ്വർഗ്ഗീയ ശ്രീഭണ്ഡാരത്തിന്റെ ചിമിഴ്തുറന്ന് ദൈവീക അനുഗ്രഹങ്ങൾ വാരിഎടുത്തു അനുഭവിക്കുവാനും, അതു് ആഗ്രഹിക്കുന്നവർക്ക് ദാനം ചെയ്യുവാനും തിരുമേനിക്ക് സാധിച്ചു. പ്രാർത്ഥനാ മനുഷ്യൻ എന്നതിലുപരി പ്രാർത്ഥനാമല്ലൻ എന്ന പേരിൽ തിരുമേനി അറിയപ്പെട്ടതിന്റെ കാരണവും അതുതന്നെ ആയിരുന്നു



ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ

കഷ്ടപ്പെടുന്നവരോടുള്ള അനുകമ്പ പ്രാർത്ഥനപോലെ തന്നെ പ്രാധാന്യമുള്ളതായി അദ്ദേഹം കരുതി. താൻ ഭക്ഷിക്കാതെ പോലും വിശന്നു വരുന്നവർക്ക് ഭക്ഷണം നല്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ആവശ്യക്കാർക്കു വേണ്ടി ഏതവസരത്തിലും തന്റെ

(ശേഷം 2-ാം പേജിൽ)

